

# വികസന മുന്നേറ്റവും ജനകീയ ഇടപെടലും

ലേഖനം ●
**ഹമീദ് വാണിമേൽ**

**രാഷ്ട്രീയ കക്ഷികൾക്കു മാത്രമായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിട്ടുകൊടുക്കേണ്ട ആവശ്യമില്ല. കക്ഷി-രാഷ്ട്രീയ സങ്കുചിത വടംവലിക്കപ്പുറം വികസനത്തിന് ചില പുത്തൻ വഴികൾ സൃഷ്ടിക്കാൻ ഒരു മൂന്നാം ശക്തിയുടെ ഇടപെടൽമൂലം സാധിക്കണം. നൈതിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, അധികാരം ഒരു ഉത്തരവാദിത്വമാണെന്ന് കരുതുന്ന വ്യക്തികളും കൂട്ടായ്മകളും പ്രാദേശിക വികസന പ്രവർത്തന രംഗത്ത് കടന്നുവരണം.**

**അധികാര** വികേന്ദ്രീകരണത്തെക്കുറിച്ചും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ചും നമുക്കിടയിൽ സജീവ ചർച്ച നടന്നുകൊണ്ടിരിക്കുന്നു. ഉദ്ദേശിച്ച സ്വഭാവത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ സദ്ഫലങ്ങൾ ഇന്നും താഴെ തട്ടിലുള്ള ജനവിഭാഗങ്ങളിലെത്തിക്കാൻ സാധിച്ചിട്ടില്ല. ഗ്രാമസ്വരാജിനെ സംബന്ധിച്ചും സ്വയം സമ്പൂർണ ഗ്രാമങ്ങളെക്കുറിച്ചും രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സ്വപ്നങ്ങളുടെ അന്തസ്സത്ത കൂടി ഉൾചേർന്നതാണ് നിലവിലുള്ള പഞ്ചായത്തീ രാജ് ആക്ട്. എന്നാൽ അധികാര വികേന്ദ്രീകരണത്തോട് പൂർണമായും നീതി പുലർത്താൻ കേന്ദ്ര–സംസ്ഥാന സർക്കാറുകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. 1994 ലെ കേരള പഞ്ചായത്തീ രാജ് ആക്ടിന് ശേഷം പ്രാദേശിക വികസനരംഗത്ത് ഒരുപാട് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട് എന്നത് ശരിയാണ്. വിശേഷിച്ചും സാക്ഷരത, ശുചിത്വം, ആരോഗ്യം, റോഡുകളുടെ വികസനം തുടങ്ങിയ മേഖലകളിൽ. എന്നാൽ ഈ രംഗത്തെല്ലാം ഇനിയും ധാരാളം മുന്നേറാനുണ്ടെന്ന വസ്തുത വിസ്മരിക്കാവതല്ല. 1973–ലെ ലക്ഷം വീട് പദ്ധതി മുതൽ അവസാനത്തെ ഇ.എം.എസ്. ഭവന പദ്ധതി വരെ എത്തിയിട്ടും പാർപ്പിട പ്രശ്നങ്ങൾ ഇന്നും കേരളത്തിൽ ഒരു മുഖ്യ വിഷയമാണ്. രാജ്യത്തിനകത്തും പുറത്തും കേരള മോഡൽ ചർച്ചയാകുമ്പോഴും അടിസ്ഥാന ജീവിതാവശ്യങ്ങൾ ലഭിക്കാത്ത വലിയ ഒരു വിഭാഗം ഇപ്പോഴും നമ്മുടെ സംസ്ഥാനത്തുണ്ട്.

വികസന വളർച്ചക്ക് അധികാര വികേന്ദ്രീകരണം ഫലപ്രദമാവണമെങ്കിൽ നിലവിലുള്ള ഘടനയിൽ മാറ്റങ്ങളും ആസൂത്രണങ്ങളും ഇനിയും ഉണ്ടാകണം. 1994–ലെ പഞ്ചായത്തീ രാജ് ആക്ടിൽ സമഗ്രമായ പുനഃപരിശോധനയും ഭേദഗതികളും വേണമെന്ന് 1997 ലെ സെൻ കമ്മറ്റി റിപ്പോർട്ട് ഗവൺമെന്റിനോട് ആവശ്യപ്പെട്ടതാണ്. കിട്ടിയ അധികാരങ്ങൾ തന്നെ പ്രാദേശിക വികസനത്തിന് ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കാത്തതാണ് ഇപ്പോഴത്തെ പ്രധാന പ്രശ്നം. രാഷ്ട്രീയ പാർട്ടികളുടെ അമിതമായ ഇടപെടലും സങ്കുചിത താൽപര്യങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വളർച്ചയെ നന്നായി തളർത്തിയിട്ടുണ്ട്. ഇരു മുന്നണികളായി മത്സരിക്കുന്നവർതന്നെ, അധികാരത്തോടടുക്കുമ്പോൾ ഒറ്റ മുന്നണിയായി മാറുകയും ഭരണം പരസ്പര പങ്കുവെപ്പ് ഏർപ്പാടാക്കി മാറ്റുകയും ചെയ്യുന്നതാണ് ഇപ്പോൾ കാണാനുള്ളത്. ഭരണ – പ്രതിപക്ഷമില്ലാത്ത ഈ ഒത്തുകളി വികസന മുരടിപ്പും അഴിമതിയും ഭരണത്തിന്റെ ഭാഗമാക്കി മാറ്റിയിരിക്കുന്നു. അഴിമതിയെന്ന പ്രയോഗത്തിന് പകരം 'കമീഷൻ' എന്ന ഇംഗ്ലീഷ് പദാവലിയുടെ വരവോടെ അഴിമതിക്ക് മാന്യതയുടെ മുഖം കൈവരികയും ചെയ്തു. പദ്ധതി വിഹിതങ്ങൾ ഇഷ്ടക്കാർക്കും സ്വന്തക്കാർക്കും പങ്ക് വെക്കുന്നതിനിടയിൽ അടിസ്ഥാന ജനവിഭാഗത്തിന്റെ അർഹമായ അവകാശങ്ങൾ പലതും നഷ്ടപ്പെടുകയും സാമൂഹിക അസന്തുലിതാവസ്ഥ മാറ്റമില്ലാതെ തുടരുകയും ചെയ്യുന്നു.

ആസൂത്രണത്തിലും വിതരണത്തിലും നീതിബോധമോ ആത്മാർത്ഥതയോ കാണിക്കാത്തവരുടെ കരങ്ങളിൽ പ്രാദേശിക അധികാരം വന്നുചേരുന്നതുമൂലം അനുവദിക്കപ്പെട്ട വികസന ലക്ഷ്യങ്ങൾ പലതും പാഴായി പോകുന്നു. അനുവദിക്കപ്പെടുന്ന സർക്കാർ വിഹിതത്തിന്റെ നാൽപത് ശതമാനത്തിലധികം ഓരോ സാമ്പത്തിക വർഷവും നഷ്ടപ്പെടുകയോ വഴിമാറി ചെലവഴിക്കപ്പെടുകയോ ചെയ്യുന്നു. ഈയൊരു സാഹചര്യത്തിലാണ് മനുഷ്യസ്നേഹവും ജനസേവനതാൽപര്യവുമുള്ള ഒരു മൂന്നാം കക്ഷിയുടെ സാന്നിധ്യം പ്രാദേശിക വികസന പ്രവർത്തനങ്ങളിൽ അത്യാവശ്യമാണെന്ന ചിന്ത പലഭാഗത്തുനിന്നുമുയരുന്നത്. കക്ഷി രാഷ്ട്രീയത്തിന്റെ അതിപ്രസരം ആത്മാവ് നഷ്ടപ്പെടുത്തിയ പ്രാദേശിക ഭരണമേഖലയിൽ ഒരു തിരുത്ത് കുറിക്കാൻ ജനകീയ ഇടപെടലല്ലാതെ മറ്റെന്ത് മാർഗമാണുള്ളത്?

## ജനകീയ ഇടപെടലിന്റെ സാധ്യത

രാഷ്ട്രീയ കക്ഷികൾക്കു മാത്രമായി നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ വിട്ടുകൊടുക്കേണ്ട ആവശ്യമില്ല. കക്ഷി–രാഷ്ട്രീയ സങ്കുചിത വടംവലിക്കപ്പുറം വികസനത്തിന് ചില പുത്തൻ വഴികൾ സൃഷ്ടിക്കാൻ ഒരു മൂന്നാം ശക്തിയുടെ ഇടപെടൽമൂലം സാധിക്കണം. നൈതിക മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, അധികാരം ഒരു ഉത്തരവാദിത്വമാണെന്ന് കരുതുന്ന വ്യക്തികളും കൂട്ടായ്മകളും പ്രാദേശിക വികസന പ്രവർത്തന രംഗത്ത് കടന്നുവരണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അരാഷ്ട്രീയവൽക്കരിക്കണമെന്നല്ല ഇതിന്റെ അർഥം. വികസനത്തിന്റെ രാഷ്ട്രീയം തിരിച്ചറിഞ്ഞുള്ള ഇടപെടലാണ് ഉദ്ദേശിക്കുന്നത്. ജനസേവനം ദൈവാരാധനയെന്ന് വിശ്വസിക്കുന്ന ഒരു സംഘമാണ് നാം. ജനസേവനത്തിനും ജനജീവിതത്തിന്റെ പുരോഗതിക്കും നന്നായി ഉപയോഗപ്പെ

ടുത്താവുന്ന ഈ മേഖലയിൽ ധീരമായി ഉടപെടാനും ബഹുജന പിന്തുണയോടെ മാറ്റങ്ങൾക്ക് നേതൃത്വം കൊടുക്കാനും പ്രസ്ഥാന പ്രവർത്തകർക്ക് സാധിക്കണം. ഇതിനുള്ള പ്രേരണയും പ്രചോദനവും പഞ്ചായത്ത് രാജ് ആക്ടിൽതന്നെ ഉള്ളതായി അതിനെക്കുറിച്ച് പഠനം നടത്തിയവർ വ്യക്തമാക്കിയിട്ടുണ്ട്.

പ്രാദേശിക വികസനത്തിൽ ജനകീയ ഇടപെടൽ എന്ന ആശയം വികസന മുന്നേറ്റത്തിന് ഊർജം പകരുമെന്ന് കാര്യത്തിൽ സംശയമില്ല. പാരമ്പര്യമായി വികസന മുരടിപ്പ് പതിവായ ചില പ്രദേശങ്ങളിൽ മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെ ജനകീയ ശക്തികൊണ്ട് വകഞ്ഞുമാറ്റി അധികാരത്തിലെത്തിയ വ്യക്തികളും കൂട്ടായ്മകളും വലിയ മാറ്റങ്ങൾക്ക് നേതൃത്വം കൊടുത്ത ഉദാഹരണങ്ങൾ കേരളത്തിൽ തന്നെയുണ്ട്. ഈ വരുന്ന തദ്ദേശ സ്വയം ഭരണ തെരഞ്ഞെടുപ്പിൽ ഇത്തരം ജനകീയ ഇടപെടലുകൾക്ക് കൂടുതൽ അവസരങ്ങളുണ്ടാക്കാൻ സാമൂഹിക പ്രസ്ഥാനങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ജനോപകാരപ്രദമായ നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്ന പ്രാദേശിക ഭരണ മേഖലയിലേക്ക് ധീരമായി അവർ കടന്നുവരണം. എന്നാൽ ഈ രംഗത്തേക്ക് കടന്നുവരാനുള്ള നല്ല മനുഷ്യരുടെ ഇത്തരം ശ്രമങ്ങളെ രാഷ്ട്രീയ നേതൃത്വം എങ്ങനെ കൈകാര്യം ചെയ്യുമെന്ന ആശങ്ക നമ്മെ പിന്തിരിപ്പിക്കാൻ പാടില്ല. അവർ നമ്മോട് പറയും: "ഇത് നിങ്ങൾക്ക് പറ്റിയ പണിയല്ല. ഇത് മലിനമാണ്. ഇതിലിറങ്ങിയാൽ നിങ്ങളുടെ ധാർമികത തകരും. എന്തിനാണ് നിങ്ങൾ കൂടി ഈ വൃത്തികേടിൽ കിടന്ന് സ്വയം നശിക്കുന്നത്." നാം അവരോട് തിരിച്ചു പറയുക: "ഇത് എന്നും മലിനമായി കിടക്കാൻ പാടില്ല. ഞങ്ങൾ ഇത് വൃത്തിയാക്കാനും അതിന്റെ തനിമ വീണ്ടെടുക്കാനും വന്നവരാണ്. ഇതിലിറങ്ങുമ്പോഴേക്ക് ഉരിഞ്ഞുപോകുന്നതല്ല ഞങ്ങളുടെ ധാർമികത. ഇതിനെ അതിജയിക്കാനുള്ള കരുത്ത് ഞങ്ങളുടെ ആത്മീയതക്കുണ്ട്." ഇതായിരിക്കണം ഈ 'ഉത്തമ ഗുണകാംക്ഷി'കളോടുള്ള നമ്മുടെ പ്രതികരണം.

ഇരു മുന്നണികളും ഈ മൂന്നാം ശക്തിയുടെ വരവിനെ സഹിക്കുകയില്ല. കാരണം ഇതിനുള്ളിൽ നടക്കുന്നത് ഒരു മൂന്നാം കക്ഷി അറിയാനും അനുഭവിക്കാനും പാടില്ലെന്ന് അവർക്ക് നിർബന്ധമുണ്ട്. പക്ഷേ, ഇത് ഇനിയും അനുവദിച്ചു കൊടുക്കാൻ നമുക്ക് നിവൃത്തിയില്ല. ഇതിനെല്ലാം ഒരു മാറ്റം ആഗ്രഹിക്കുന്ന ഒരു കൂട്ടം മനുഷ്യർ എല്ലാ പ്രദേശത്തുമുണ്ട്. അവർ നമ്മെ നിരാകരിക്കുകയില്ല.

വിഭവങ്ങളുടെ കമ്മിയേക്കാൾ, വിതരണത്തിലെ അസന്തുലിതാവസ്ഥയും അനീതിയുമാണ് നമ്മുടെ ദാരിദ്ര്യത്തിന്റെ അടിസ്ഥാന കാരണമെന്നാണ് സാമൂഹിക നിരീക്ഷകർ പറയുന്നത്. പ്രാദേശിക വികസനത്തെയും മുരടിപ്പിക്കുന്നത് ഈ അനീതിയും അസന്തുലിതാവസ്ഥയുമാണെന്ന് കാണാം. അടിസ്ഥാന ജീവിത സൗകര്യങ്ങൾ ഇല്ലാത്തവരെ പൊതു മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി, നീതിപൂർവം കാര്യങ്ങൾ നീക്കിയാൽ പരിഹരിക്കാവുന്നതേയുള്ളൂ മിക്ക പ്രശ്നങ്ങളും. അവിടെ പക്ഷപാതിത്വങ്ങൾ പാടില്ല. മാനവികതക്കും നീതിക്കും ന്യായത്തിനും ഒന്നാം പരിഗണന നൽകുന്നവർക്ക് മാത്രമേ ഈ ഉന്നത സ്വഭാവം കാഴ്ചവെക്കാൻ സാധിക്കുകയുള്ളൂ. പക്ഷേ, അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ലക്ഷ്യത്തെ തുരംഗം വെക്കുന്ന കാഴ്ചകളാണ് പ്രാദേശിക തലങ്ങളിൽ കാണാനുള്ളത്. ചട്ടങ്ങളും വ്യവസ്ഥകളും കടലാസുകളിൽ ഒതുങ്ങുന്നു. വേണ്ടപ്പെട്ടവർക്കും സ്വന്തക്കാർക്കും മാത്രമേ ആനുകൂല്യങ്ങൾ കിട്ടൂ എന്നതാണ് നില.

## ഗ്രാമ സഭകളുടെ ജനകീയധികാരങ്ങൾ

കേരള പഞ്ചായത്തീ രാജ് ആക്ടിന്റെ രണ്ടാമധ്യായത്തിലാണ് ഗ്രാമസഭയെ സംബന്ധിച്ച വിശദീകരണങ്ങളും ചട്ടങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഓരോ പഞ്ചായത്ത് വാർഡിലും ഒരു ഗ്രാമസഭ രൂപവത്കരിക്കേണ്ടതുണ്ട്. വോട്ടർപട്ടികയിൽ പേരുള്ള ഒരു വാർഡിലെ മുഴുവൻ പേരും ഇതിൽ അംഗങ്ങളായിരിക്കും. വിപുലമായ അധികാരങ്ങളുള്ള ഈ ജനകീയ സഭ ആ പ്രദേശത്തെ വികസന ആസൂത്രണത്തിന്റെ മുഖ്യകേന്ദ്രമാണ്. എന്നാൽ ഇന്ന് ഗ്രാമസഭ എന്നാൽ ആത്മാവ് നഷ്ടപ്പെട്ട, ആകൃതി മാത്രം ബാക്കിയായ വികസന പ്രവർത്തനങ്ങളിൽ സ്വജനപക്ഷപാതം അടിച്ചേൽപ്പിക്കുന്ന ഒരു സംവിധാനമാണ്. ഗ്രാമസഭകൾ പല സ്ഥലത്തും അതിന്റെ ചൈതന്യത്തോടെ നടക്കുന്നില്ല. ഗ്രാമസഭകളുടെ അധികാരങ്ങളും ചുമതലകളും മനസ്സിലാക്കുമ്പോഴാണ് പ്രാദേശിക വികസന രൂപവത്കരണത്തിലും നടത്തിപ്പിലും ജനാഭിപ്രായ

ത്തിനും അവരുടെ പങ്കാളിത്വത്തിനുമുള്ള സ്ഥാനം നമുക്ക് തിരിച്ചറിയാൻ സാധിക്കുക.

ഗ്രാമസഭയുടെ ചുമതലകൾ ശ്രദ്ധിക്കുക:

1. വികസന പദ്ധതികൾ തയാറാക്കാൻ പ്രോത്സാഹനം നൽകുക. നടത്തിപ്പിന് മേൽനോട്ടം വഹിക്കുക.
2. വിവിധ ജനവിഭാഗങ്ങൾ തമ്മിലുള്ള ഐക്യവും സൗഹാർദ്ദവും വളർത്തുക.
3. സാമൂഹിക ക്ഷേമ പരിപാടികൾക്ക് ശ്രമദാനവും സംഭാവനകളും സമാഹരിക്കുക.
4. വികസന പദ്ധതികളുടെ നിർവഹണത്തിൽ സഹായിക്കുക.
5. ഉപഭോക്താക്കളെ തിരിച്ചറിയുന്നതിൽ സഹായിക്കുക.
6. സാക്ഷരതാ പ്രവർത്തനങ്ങളിൽ സഹായിക്കുക.
7. വികസന പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക. നിർദ്ദേശങ്ങൾ വെക്കുക.
8. ഗ്രാമസഭയുടെ അധികാര പരിധിയിൽപ്പെട്ട ഏത് പ്രശ്നങ്ങളെ സംബന്ധിച്ചും പ്രമേയവും പാസ്സാക്കാം.

ഇത്രയധികം പ്രാദേശിക അധികാരങ്ങൾ ജനങ്ങൾക്ക് നൽകിയിട്ടും ഗ്രാമസഭയിൽ പങ്കെടുക്കുന്നവരും പ്രവർത്തനങ്ങളുമായി സഹകരിക്കുന്നവരും വളരെ കുറവാണ്. ഉപഭോക്താക്കൾ പങ്കെടുക്കുമെങ്കിലും യോഗ്യരും ജനസേവന തൽപരരായവർപോലും ഇതിൽ സാധാരണ പങ്കെടുക്കാറില്ല. നടത്തിപ്പുകാരുടെ താൽപര്യമില്ലായ്മയും പങ്കെടുക്കേണ്ടവരുടെ പൗരബോധമില്ലായ്മയുമടക്കം നിരവധി കാരണങ്ങളാൽ മിക്ക ഗ്രാമസഭകളും കാര്യക്ഷമമല്ല. ഈ അവസ്ഥ മാറ്റി ഇതിനെ സജീവമാക്കാൻ പ്രസ്ഥാന പ്രവർത്തകരും പോഷക സംഘടനകളും ഇനി മുതൽ രംഗത്തുവരണം. വികസനം രൂപപ്പെടുത്തുന്ന ആദ്യഘട്ടത്തിൽ തന്നെ ഇടപെടാനും അതിന്റെ നടത്തിപ്പിന് നേതൃത്വം കൊടുക്കാനും സാധിക്കുന്ന ഈ സംവിധാനം നാം തന്നെയാണ് ഒന്നാമതായി ഉപയോഗപ്പെടുത്തേണ്ടത്. സർക്കാർ വികസന ഫണ്ടുകൾ അർഹരിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഗ്രാമസഭാ പങ്കാളിത്തം അനിവാര്യമാണ്. കേരളീയ സമൂഹത്തിന്റെ അടിത്തട്ടിൽ വരെ കക്ഷി രാഷ്ട്രീയവും അതിന്റെ തുടർച്ചയായ പക്ഷപാതിത്വങ്ങളുമാണ് കാര്യങ്ങൾ തീരുമാനിക്കുന്നത്. വാർഡുമെമ്പർമാരുടെ അനുകൂലികളും പ്രതികൂലികളും തമ്മിലുള്ള രാഷ്ട്രീയ വടംവലിയിൽ ഗ്രാമസഭകൾ നിശ്ചലമാകുന്ന കാഴ്ചയാണ് പലേടങ്ങളിലും കാണാനുള്ളത്. ഈ അവസ്ഥയിൽനിന്ന് ഗ്രാമസഭയെ ഒരു പരിധിവരെ മോചിപ്പിക്കാൻ ജനകീയ ഇടപെടലിലൂടെ സാധിക്കും. മദ്യവും മയക്കുമരുന്നുമടക്കമുള്ള തിന്മകൾക്കെതിരെ ജനകീയ പ്രതിരോധം സൃഷ്ടിക്കാൻ വരെ ഗ്രാമസഭയെ ഉപയോഗപ്പെടുത്താം. നാടിന്റെ യുവത്വം പ്രയോജനപ്പെടുത്താനും, വയലും കുളവും കുന്നും കാടുമടക്കമുള്ള നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാനും ഈ കൂട്ടായ്മയിലൂടെ സാധിക്കും. ദീർഘ വീക്ഷണവും വിശാല മനസ്കതയും നേതൃശേഷിയുമുള്ള ഒരു സംഘം മുന്നിൽ നടക്കണമെന്നു മാത്രം.

## നവ വികസന സംസ്കാരത്തിനു വേണ്ടി

കാർഷിക – വ്യവസായ–തൊഴിൽ മേഖലകളെല്ലാം അനുദിനം പ്രതിസന്ധിയിലേക്ക് നീങ്ങുകയാണ് നമ്മുടെ സംസ്ഥാനത്ത്. 1980–92 കാലയളവിൽ 3.2 ശതമാനമുണ്ടായിരുന്ന കാർഷിക വളർച്ചാ നിരക്ക് 1992–2003 കാലയളവിൽ 2.4 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ ഏതാനും വർഷമായി 1.3 ശതമാനം മാത്രമാണ് കാർഷിക വളർച്ചാ നിരക്ക്. ഭൂവിനിയോഗത്തിൽ വന്ന മാറ്റം, ഉൽപ്പാദനച്ചെലവിൽ വന്ന വർധന, കാർഷിക ഉൽപന്നങ്ങളുടെ വിലയിടിവ്, ഇറക്കുമതി നയങ്ങളിൽ വന്ന മാറ്റം, കർഷകന്റെ കടബാധ്യത തുടങ്ങി കാർഷിക മേഖല അനുഭവിക്കുന്ന പ്രശ്നങ്ങൾ ഏറെയാണ്. നാളിതുവരെയുള്ള കേരള ചരിത്രം പരിശോധിച്ചാൽ വ്യവസായ രംഗത്ത് കേരളം കാര്യമായ പുരോഗതിയൊന്നും കൈവരിച്ചിട്ടില്ലെന്ന് കാണാം. ആഭ്യന്തര വിഭവ വളർച്ചയിൽ ക്രമാനുഗതമായ വളർച്ചാനിരക്കിന് പകരം തളർച്ചയിലേക്കാണ് നാം പോയികൊണ്ടിരിക്കുന്നത്.

താഴെ തട്ടിൽ വിഭവ വർധനവിനെയും വളർച്ചയെയും ത്വരിപ്പിച്ചുകൊണ്ട് ഒരു പുതിയ വികസ സംസ്കാരമാണ് നമ്മുടെ നാട്ടിൽ വളർന്നുവരേണ്ടത്. ഒരു പ്രദേശത്തിന്റെ വികസനം ഏറ്റവും മികച്ചതാകുന്നത് അതിന്റെ ഗുണഫലം ആ സമൂഹത്തിലെ എല്ലാവർക്കും ലഭിക്കുമ്പോൾ മാത്രമാണ്. സോളിഡാരിറ്റി എന്ന യുവജന പ്രസ്ഥാനം. ഞങ്ങളുടെ അധ്വാനം + നിങ്ങളുടെ സംഭാവന = പ്രയാസപ്പെടുന്നവന് ഒരു വീട് എന്ന സമവാക്യത്തിൽ സേവന പാതയിൽ ഒരു പുത്തൻ രീതി ആവിഷ്കരിച്ചപ്പോൾ സമൂഹത്തിന് പ്രയോജനകരമായ ഒരു കാൽവെപ്പായി അത് മാറി. പ്രാദേശിക വികസന

ത്തിൽ പുരുഷമാരും സ്ത്രീകളും യുവാക്കളും വിദ്യാർഥികളും ഒത്തുചേരുന്നതിലൂടെ വിഭവ വർധനവ് സാധ്യമാവുകയും പുതിയൊരു വികസന സംസ്കാരം പ്രാദേശികമായി ജന്മം കൊള്ളുകയുംചെയ്യും.

## വികസനവും സ്ത്രീകളും

ഇപ്പോൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ അമ്പതു ശതമാനം സംവരണം ചെയ്യപ്പെട്ട സ്ത്രീകൾ അതിവേഗം സ്വയംശാക്തീകരണത്തിന് തയാറായില്ലെങ്കിൽ പതിവ് രീതിക്കപ്പുറം സ്ത്രീകൾക്ക് ഈ രംഗത്ത് ഒന്നും ചെയ്യാൻ കഴിയില്ല. ഭരണമേഖലയിൽ കുടുംബത്തോട് പരമാവധി നീതിപുലർത്തിക്കൊണ്ട് സ്ത്രീകൾക്ക് ഇടപെടാവുന്ന ഏറ്റവും നല്ല സംവിധാനമാണ് ത്രിതല പഞ്ചായത്ത്.

വളരെ കുറഞ്ഞ ജനസംഖ്യയെ പ്രതിനിധീകരിക്കുന്ന തന്റെ വാർഡിലും കൂടിയാൽ സ്വന്തം പഞ്ചായത്തിലും പൊതുപ്രവർത്തനം നടത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പങ്കാളികളാകുന്നതോടെ സ്ത്രീകൾക്ക് സാധിക്കും. എന്നാൽ ഒരു പുരുഷൻ നടത്തുന്നതിനേക്കാൾ കഠിനാദ്ധ്വാനം വേണ്ടിവരും സത്രീകൾക്ക് ഈ രംഗത്ത് സജീവ സാന്നിധ്യമറിയിക്കാൻ.

1950കളിലും '60കളിലും സ്ത്രീകളുടെ പ്രശ്നങ്ങൾ മനുഷ്യാവകാശ പ്രശ്നങ്ങളായിട്ടാണ് കണ്ടിരുന്നത്. സ്ത്രീകൾ നിരാലംബരാക്കപ്പെടുകയാണെന്നും അവർ വികസനത്തിൽ പങ്കാളികളാക്കപ്പെടേണ്ടതാണെന്നുമുള്ള ചിന്ത ശക്തമായത് 1970 കളിൽ മാത്രമാണ്. 1980 കളിൽ വികസനത്തിൽ സ്ത്രീകളുടെ കഴിവുകളെ എങ്ങനെ ഉപയോഗപ്പെടുത്താമെന്നായി ചിന്ത. 1990 കളിൽ സ്ത്രീ ശാക്തീകരണ പദ്ധതികൾ പ്രചാരം നേടിത്തുടങ്ങി. വനിതകൾക്ക് വായ്പാ സൗകര്യം, പരിശീലനം എന്നിവ ലക്ഷ്യമാക്കി 1988 –ൽ കേരള സംസ്ഥാന വനിതാ കോർപ്പറേഷൻ രൂപീകൃതമായി. വനിതകൾക്കായി പദ്ധതി തുകയിൽ 10 ശതമാനം നീക്കിവെച്ചു. അയൽക്കൂട്ടങ്ങളും കുടുംബശ്രീയുമെല്ലാം വനിതകളുടെ പൊതുവായ വളർച്ചയിൽ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്ന വസ്തുത നിഷേധിക്കാൻ സാധ്യമല്ല. സമീപകാലത്ത് വിദ്യാഭ്യാസ രംഗത്തും സാമൂഹിക ഇടപെടലിലും അവകാശ പോരാട്ട മേഖലയിലുമെല്ലാം വനിതകളിൽ വലിയ ഉണർവും ഉത്സാഹവും പ്രകടമാണ്. പൗരോഹിത്യം നെയ്തുകൂട്ടിയ അരുതായ്മകളുടെ വലകൾക്ക് അവളെ തടഞ്ഞുനിർത്താൻ സാധ്യമല്ലെന്ന് കാലം തെളിയിച്ചുകൊണ്ടിരിക്കുന്നു. തങ്ങളുടെ വ്യക്തിത്വം ഉയർത്തിപ്പിടിച്ചുകൊണ്ട് തന്നെ പൊതു പ്രവർത്തനരംഗത്ത് ചലനം സൃഷ്ടിക്കാൻ വനിതകൾക്ക് സാധിക്കുമെന്ന് നിലവിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പല വനിതകളും ഇതിനകം തെളിയിച്ചു കഴിഞ്ഞതാണ്. ഒഴിവ് സമയങ്ങൾ വിനോദ–വിശ്രമങ്ങളിൽ തളച്ചിടപ്പെട്ട അവസ്ഥയിലാണ് സ്ത്രീകളിൽ നല്ലൊരു ശതമാനം. മധ്യവർഗത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ യോഗ്യതയും മറ്റ് കഴിവുകളും പ്രാദേശിക വികസന വളർച്ചയിൽ സുപ്രധാനമായ വിഭവം തന്നെയാണ്. ഇവരുടെ സമയത്തിന്റെ ചുരുങ്ങിയത് 25 ശതമാനമെങ്കിലും ആ പ്രദേശത്തെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് തിരിച്ചുവിട്ടാൽ ഒരു വർഷം കൊണ്ട് തന്നെ വലിയ പുരോഗതി ഉണ്ടാകും. സ്ത്രീയെ മുമ്പിൽ നിർത്തി പാർട്ടിയും പ്രതിനിധിയും വനിതകളെ ഭരിക്കുന്ന രീതി അനുവദിച്ചുകൊടുക്കരുത്. വനിതാ ശാക്തീകരണത്തിലൂടെ ഇതിനുള്ള തന്റേടം സ്ത്രീകൾ ആർജിച്ചേ മതിയാവൂ.

## പ്രായോഗിക പ്രതിസന്ധികൾ

സമീപകാലത്ത് ഇസ്ലാമിക പ്രസ്ഥാനം ഇത്രയധികം വിമർശന വിധേയമാകാനുള്ള കാരണം അന്വേഷിക്കുമ്പോൾ ചില ഉത്തരങ്ങൾ നമ്മുടെ മുമ്പിൽ തെളിഞ്ഞുവരുന്നു. താത്ത്വിക തലത്തിൽ ആറു പതിറ്റാണ്ടുകാലം പ്രചരിപ്പിച്ച ആശയങ്ങളുടെ പ്രയോഗവത്കരണമാണ് ഘട്ടം ഘട്ടമായി ഇപ്പോൾ നടന്നുവരുന്നത്. ആശയങ്ങൾ മണ്ണിനെയും മനുഷ്യരെയും സ്പർശിക്കുമ്പോൾ പ്രതിയോഗികളിൽ ഞെട്ടലുണ്ടാക്കുന്നത് സ്വാഭാവികം. ഏതൊരു സാമൂഹിക വിപ്ലവ പ്രസ്ഥാനത്തിന്റെയും ചരിത്രം ഇതുതന്നെയായിരുന്നു.

പുതിയ മണ്ണും ലോകവും സൃഷ്ടിക്കലാണ് നമ്മുടെ ലക്ഷ്യം. അജണ്ട സ്വയം നിർണയിച്ച് സ്വന്തമായ വഴിവെട്ടി യാത്ര നടത്തിയവരാണ് നാം. നാം മുന്നിൽ നടക്കുകയും മറ്റുള്ളവർ നമ്മുടെ പിന്നാലെ നടക്കുകയും ചെയ്തതാണ് അനുഭവം. നാം കർമഭൂമിയിൽ ഇറങ്ങുക. ചെയ്യാനുള്ള ജോലിയുടെ ഭാരമോർത്തും താണ്ടാനുള്ള വഴിദൂരത്തെക്കുറിച്ച് ആകുലപ്പെട്ടും സമയം നഷ്ടപ്പെടുത്താതിരിക്കുക. പലരും പല പണിയും നമുക്ക് പറ്റില്ലെന്ന് ഫത്‌വ നൽകുന്നു. പറ്റുന്നതും പറ്റാത്തതും വിവേചിച്ചറിയാനെങ്കിലും നമുക്കിതുവഴി സാധിക്കുമല്ലോ.

ഒരു വേദഗ്രന്ഥം കൈവശമുള്ളവരാണ് നാം. ജാഹിലിയ്യത്തിന് മുകളിൽ വിളക്ക് വെച്ച് പ്രകാശം നിലനിർത്തുക അങ്ങേയറ്റം പ്രയാസം നിറഞ്ഞതാണ്. പക്ഷേ സാമൂഹിക മാറ്റത്തിന് ഇതല്ലാത്ത മറ്റൊരു വഴിയില്ല. ഇന്ന് ഈ സാഹസം നാം ഏറ്റെടുത്തില്ലെങ്കിൽ മറ്റാരും അതേറ്റെടുക്കാനില്ല. നാം മനുഷ്യർക്ക് വേണ്ടി ആത്മാർത്ഥമായി രംഗത്ത് വന്നാൽ അവർ നമ്മൊടൊപ്പം നിൽക്കും. 95 ശതമാനം മതവിശ്വാസികളുള്ള കേരളത്തിൽ ശുദ്ധഭൗതിക പ്രസ്ഥാനം ആധിപത്യം വാണത്, ഉയർത്തിയ മുദ്രാവാക്യത്തോടുള്ള ജനാഭിമുഖ്യം കാരണമായിരുന്നു. പ്രത്യയ ശാസ്ത്രത്തിന്റെ നിറത്തേക്കാൾ മനുഷ്യസ്നേഹത്തിന്റെ കരുത്താണ് ജനം അന്വേഷിക്കുന്നത്. ഇല്ലാത്തവന് വേണ്ടി വന്നവൻ ഉള്ളവനോടൊപ്പം മറുകണ്ടം ചാടുകയും, കഷ്ടപ്പെടുന്നവർ പടുകുഴിയിൽ തന്നെ അവശേഷിക്കുകയും ചെയ്യുന്ന ഇന്നത്തെ അസമത്വത്തിന് നടുവിൽ, ഒഴിഞ്ഞുകിടക്കുന്ന ഇടം ആർക്കു വേണ്ടിയാണ്? ഇപ്പോൾ അത് നമുക്ക് വേണ്ടി മാത്രമാണ്. ഇത് നാം തിരിച്ചറിയുക. ■